# പുനർക്വട്ടേഷൻ പരസ്യം

D1-210-FD/SDRF/HySybDn/TSR/2019-20 തീയ്യതി: 24/08/2020

കേരള ഗവർണർക്കുവേണ്ടി തൃശ്ശൂർ ഹൈഡ്രോളജി സബ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ അവർകൾ താഴെ പറയുന്ന പ്രവർത്തിക്ക് നിശ്ചിത യോഗ്യതയുള്ള സിവിൽ കരാറുകാരിൽ നിന്നും പ്രവർത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ള മുദ്ര വെച്ച മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ തപാലിൽ (രജിസ്ട്രേഡ് പോസ്റ്റായി മാത്രം) ക്ഷണിച്ചുകൊള്ളുന്നു. തപാലിൽ ഉാകുന്ന കാലതാമസത്തിനു ഈ ഓഫീസ് ഉത്തരവാദിയാകുന്നതല്ല. ക്വട്ടേഷനുകൾ താഴെ പറയുന്ന തീയ്യതിയിൽ ഉച്ചക്ക് 3.00 മണി വരെ സ്വീകരിക്കുന്നതും ഉച്ചക്ക് 3.30 മണിക്ക് ഡെപ്യൂട്ടി ഡയറക്ടറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റു ഉദ്യോഗസ്ഥരോ തത്സമയം ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം അവധിയായിരുന്നാൽ അതിനടുത്ത പ്രവർത്തി ദിവസം ക്വട്ടേഷനുകൾ പരിഗണിക്കുന്നതാണ്. ക്വട്ടേഷന്റെ കാലാവധി അത് സ്വീകരിക്കുന്ന തീയ്യതി മുതൽ 4 മാസം ആയിരിക്കും.

| ക്രമ നമ്പർ | ക്വട്ടേഷൻ നമ്പർ | പ്രവർത്തിയുടെ പേരും അടങ്കൽ തുകയും | നിരതദ്രവ്യം | കരാറു കാരുടെ വിഭാഗം | നിർമ്മാണ ത്തിന്റെ കാലാവധി |
|---|---|---|---|---|---|
| 1 | FD-QTN/ 03/DD 2019-20 | SDRF – മണലി റിവർഗേജ് സ്റ്റേഷന്റെ അടിയന്തിര അറ്റകുറ്റപണികൾ അടങ്കൽ തുക രൂപ 47238/- | രൂപ 1200/- | "ഡി" ക്ളാസും അതിനു മുകളിലും | 2 മാസം |
| 2 | FD-QTN/ 05/DD 2019-20 | SDRF – കുണ്ടുകാട് റിവർഗേജ് സ്റ്റേഷന്റെ അടിയന്തിര അറ്റകുറ്റപണികൾ അടങ്കൽ തുക രൂപ 49874/- | രൂപ 1250/- | "ഡി" ക്ളാസും അതിനു മുകളിലും | 2 മാസം |
| 3 | FD-QTN/ 10/DD 2019-20 | SDRF – തിരുവേഗപ്പുറ റിവർഗേജ് സ്റ്റേഷന്റെ അടിയന്തിര അറ്റകുറ്റപണികൾ അടങ്കൽ തുക- രൂപ 58070/- | രൂപ 1460/- | "ഡി" ക്ളാസും അതിനു മുകളിലും | 2 മാസം |

1. ദർഘാസ് പ്രമാണങ്ങളുടെ വിൽപന തുടങ്ങുന്ന തീയതിയും സമയവും : 24/08/2020 രാവിലെ 11 മണി മുതൽ

2. ക്വട്ടേഷൻ പ്രമാണങ്ങൾ വിൽക്കുന്ന അവസാന തീയതിയും സമയവും : 04/09/2020 ഉച്ചക്ക് 1 മണി വരെ

3. ക്വട്ടേഷൻ പ്രമാണങ്ങൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും : 09/09/2020 ഉച്ചക്ക് 3 മണി വരെ

4. ക്വട്ടേഷൻ പ്രമാണങ്ങൾ തുറക്കുന്ന അവസാന തീയതിയും സമയവും : 09/09/2020 ഉച്ചക്ക് 3.30 മണി

ക്വട്ടേഷൻ പ്രമാണങ്ങളും മറ്റു വിശദ വിവരങ്ങളും ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്. ക്വട്ടേഷൻ പ്രമാണങ്ങൾ പരസ്പരം കൈമാറാൻ പാടുള്ളതല്ല. ക്വട്ടേഷനൊടൊപ്പം 200 രൂപയുടെ (ഇരുനൂറു രൂപയുടെ) മുദ്ര പത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പിട്ട് അടക്കം ചെയ്തിരിക്കണം. നിരതദ്രവ്യം നിർബന്ധമായും സർക്കാർ ട്രഷറിയിൽ നിന്നോ നാഷണൽ സേവിങ്സ് സർട്ടിഫിക്കറ്റ് പോസ്റ്റോഫീസിൽ നിന്നോ ഷെഡ്യൂൾസ് ബാങ്കിൽ നിന്നോ മാത്രം ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ വാങ്ങിയ നിശ്ചിത തുകക്കുള്ളതും അദ്ദേഹത്തിന് ഏതു സമയത്തും മാറത്തക്ക വിധത്തിൽ അധികാരപ്പെടുത്തിയിട്ടുള്ളതുമായിരിക്കണം. പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും അവശ്യമായ നിരതദ്രവ്യം കെട്ടി വെക്കാത്തതുമായ ക്വട്ടേഷനുകൾ നിരസിക്കുന്നതാണ്. 1989 ലെ കേരള നിർമാണ തൊഴിലാളി ക്ഷേമ നിധി നിയമത്തിലെ (2) വകുപ്പ് അനുസരിച്ചു പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരൻ നിർമ്മാണ പ്രവർത്തിയുടെ മൊത്തം ചിലവിന്റെ 1% നിർമാണ തൊഴിലാളി ക്ഷേമ നിധി ഫിലേക്ക് നൽകുവാൻ ബാധ്യസ്ഥനാണ്. കേരള പൊതുമരാമത്തു ജലസേചന വകുപ്പുകളിലെ ക്വട്ടേഷനുകൾ സംബന്ധിച്ച നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

ഡെപ്യൂട്ടി ഡയറക്ടർ
(കേരള ഗവർണർക്കുവേി)

ഡെപ്യൂട്ടി ഡയറക്ടർ
ഹൈഡ്രോളജി സബ്ബ് ഡിവിഷൻ,
തൃശ്ശൂർ, അവർകളുടെ കാര്യാലയം

ഡെപ്യൂട്ടി ഡയറക്ടർ
ജലസേചന വകുപ്പ്
തൃശ്ശൂർ
ഹൈഡ്രോളജി സബ്ബ് ഡിവിഷൻ